# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3476      09.04.2013 ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഹിൽഹൈവേയുടെനിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഹിൽ ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (എ) കാസർഗോഡ് ജില്ലയിലെ ഹിൽ ഹൈവേയുടെ അംഗീകരിച്ച അലൈൻമെന്റ് ചുവടെ ചേർക്കുന്നു. പെർള, ബദിയടുക്ക, മുള്ളേരിയ, പളളംകോട്, പാണ്ടി, പട്ടപ്പ്, ബന്തടുക്ക, മാനടുക്ക, എരിഞ്ഞലംകോട്, കോളിച്ചാൽ, 18-ാംമൈൽ, മാലോം, വളളിക്കടവ്, ചിറ്റാരിക്കൽ, ചെറുപുഴ. ആകെ നീളം 134.8 കി.മീ. |
| (ബി) പ്രസ്തുത അലൈൻമെന്റിൽപ്പെട്ട ഏതെങ്കിലും കണക്ഷൻ റോഡുകൾക്കോ, പാലങ്ങൾക്കോ ഇതുവരെ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) ഹിൽ ഹൈവേയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല. എന്നാൽ ബി.എം. & ബി.സി. വർക്ക് കമ്പള - ബദിയടുക്ക - മുള്ളേരിയ റോഡ് കി.മീ. 0/000 മുതൽ 28/776 ന് 2000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ ഹിൽ ഹൈവേ അലൈൻമെന്റിൽപ്പെടുന്ന ബദിയടുക്ക-മുള്ളേരിയ റോഡ് 12.50 കി.മീ. ഉൾപ്പെടുന്നു. |
| (സി) പ്രസ്തുത അലൈൻമെന്റിൽപ്പെട്ട അത്താനടിയിൽ പാലം നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ഡി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ